## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2507 — 19.06.2013-ലെ മറുപടിക്ക്

## ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്കുകൾ വഴി നൽകുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്കുകൾവഴി നൽകാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് എല്ലാ ക്ഷേമനിധി ബോർഡുകളിൽ നിന്നും നൽകുന്ന എല്ലാ ആനുകൂല്യങ്ങളും, ബാങ്കു വഴി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ഐ.റ്റി. മിഷന്റെയും കെൽട്രോണിന്റെയും സഹകരണത്തോടെ എല്ലാ ക്ഷേമനിധി അംഗങ്ങളുടേയും ഡേറ്റാ ഡിജിറ്റൈസ് ചെയ്യുന്നതിനും UID നമ്പർ നൽകുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും, നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ; | (ബി) & (സി) ബാങ്കുകൾ മുഖേന ആനുകൂല്യങ്ങൾ നൽകുന്നതു വഴി ക്ഷേമാനുകൂല്യങ്ങളുടെ വിതരണം കൂടുതൽ സുതാര്യമാക്കുന്നതിനും, സമയ ബന്ധിതമായി സഹായം ലഭ്യമാക്കുന്നതിനും, ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും കഴിയുന്നതാണ്. കൂടാതെ ഒരാൾ ഒന്നിലധികം ബോർഡുകളിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് പൂർണ്ണമായി ഒഴിവാക്കാൻ കഴിയുന്നതും, അതു മൂലം നിലവിലുള്ള തൊഴിലാളികൾക്ക് ഏറ്റവും മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനും അംഗങ്ങൾക്ക് തങ്ങളുടെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താനും കഴിയുന്നതാണ്. |

| | |
|---|---|
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ? | (ഡി) പദ്ധതി നടപ്പാക്കുന്നതിനായി എല്ലാ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടേയും ഡേറ്റ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് ആധാർ സീഡിംഗ് നടത്തി UID നമ്പർ നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ